ഉത്തരം

(എ) M/s. RITES സാദ്ധ്യതാ പഠനം നടത്തി നൽകിയ അലൈമെന്റിന് റെയിൽവേയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചു.

(ബി) ഇല്ല. RVNL-ലുമായി ധാരണാപത്രം 14-2-2011-ൽ ഒപ്പുവച്ചു.

(സി&ഡി) DPR അനുസരിച്ചായിരിക്കും തുക തീരുമാനിക്കുക.

(ഇ) DPR-ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുവാൻ കഴിയും.

അഴീക്കൽ തുറമുഖവികസനം

157(1414) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കൽ തുറമുഖവികസനവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സമീപകാലത്ത് നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് :

(സി) തുറമുഖത്ത് ചരക്ക്-യാത്രാക്കപ്പലുകൾ അടുപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

ഉത്തരം

(എ) അഴീക്കൽ തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുമായി ഡിലോയിറ്റ് എന്ന സ്ഥാപനത്തെ ഗ്ലോബൽ ടെണ്ടർ മുഖേന നിയമിക്കുകയും ടി സ്ഥാപനം തുറമുഖ വികസനത്തിനുള്ള വിശദമായ സാധ്യതാ റിപ്പോർട്ടും ടെണ്ടർ രേഖകളും സമർപ്പിക്കുകയും ചെയ്തിരുന്നു. ടി ടെണ്ടർ രേഖകൾ പ്രകാരം തുറമുഖ വകുപ്പ് അഴീക്കൽ തുറമുഖ വികസനത്തിനുള്ള ഗ്ലോബൽ ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്. M/s. മുന്ദ്ര പോർട്ട് എന്ന കമ്പനി തുറമുഖ വികസനത്തിനുള്ള ടെണ്ടർ സമർപ്പിക്കുകയും ടി ടെണ്ടറിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. അഴീക്കൽ തുറമുഖത്തേക്ക് ഒരു മൊബൈൽ ക്രെയിൻ അനുവദിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് 226 മീറ്റർ വാർഫ് നിർമ്മാണം ഏതാണ്ട് പൂർത്തിയായി കഴിഞ്ഞു. ചാനൽ ഡ്രെഡ്ജിംഗ് നടന്നുവരുന്നു.

(ബി) തുറമുഖ വികസനത്തിനുള്ള ടെണ്ടർ വിളിക്കുകയും ടി ടെണ്ടർ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിന്റെ ടെണ്ടറിൽ ഉൾപ്പെടുത്തിയ ചീമേനി പവർ പ്രോജക്ടിനെ സംബന്ധിച്ച് ഒരു ചർച്ച കണ്ണൂർ കളക്ടറേറ്റിൽ വച്ച് 25-1-2011-ൽ നടത്തിയിരുന്നു. ചീമേനി പവർ പ്രോജക്ടിന്റെ DPR പൂർത്തിയാക്കുന്ന മുറയ്ക്ക് അഴീക്കൽ തുറമുഖ വികസനത്തിനായുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സാധ്യമാകുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അഴീക്കൽ തുറമുഖത്ത് യാത്രാ ചരക്ക് കപ്പലുകൾ കൊണ്ടുവരുന്നതിനായി ലക്ഷദ്വീപ് അധികാരികളുമായും ചേംബർ ഓഫ് കൊമേഴ്സുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. തുറമുഖത്ത് ഡ്രഡ്ജിംഗ് പ്രവൃത്തികൾ പൂർത്തിയായി വരുന്നു. തുറമുഖത്തെ നിലവിലെ ആഴം കണക്കാക്കുന്നതിനായി ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ചുമതലപ്പെടുത്തുകയും ആയത് പുരോഗമിച്ചുവരികയും ചെയ്യുന്നു. ഡ്രെഡ്ജിംഗ് നടപടികൾ പൂർത്തിയായിവരുന്ന മുറയ്ക്ക് ചരക്ക് കപ്പലുകൾ അടുപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തുറമുഖവകുപ്പിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ നിയമനം

158(1415) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിൽ 2-ാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; ഈ വിഭാഗത്തിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്രപേരെ പ്രസ്തുതതസ്തികയിൽ നിയമിച്ചു; ഇനി എത്ര ഒഴിവുകൾ ബാക്കിയുണ്ട്; അതിൽ എത്രപേരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ) ഉണ്ട്. ഒഴിവുകൾ നിലവിലില്ല.

(ബി) മൂന്ന് പേരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ ഒഴിവുകൾ നിലവിലില്ല.

റിപ്പയർ യാർഡുകൾ

159(1416) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തുറമുഖവകുപ്പിനു കീഴിലെ പോർട്ടുകളിൽ ഏതിലെങ്കിലും റിപ്പയർ യാർഡുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്നു വ്യക്തമാക്കുമോ ;

(ബി) ഇത്തരം റിപ്പയർ യാർഡുകളുമായി ബന്ധപ്പെട്ട് ബാർജുകൾ, ഉരുക്കൾ മുതലായവയ്ക്ക് നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനെപ്പറ്റി ആലോചിക്കുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പിന്റെ കീഴിൽ റിപ്പയർ യാർഡുകൾ പ്രവർത്തിക്കുന്നില്ല. എന്നാൽ വകുപ്പിലെ ജലയാനങ്ങളുടെ അത്യാവശ്യ ദൈനംദിന അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നീണ്ടകര, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ റിപ്പയറിംഗ് വർക്കുഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly